LIBRARY ARCHIVES Kerala Legislative Assembly

**ഡോക്ടർമാരുടെ ഉപരിപഠനത്തിനായുള്ള അവധിയും സർവ്വീസും**

**113 (778)** ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിൽനിന്നും ഉപരിപഠനത്തിനായി അവധിയെടുത്ത് പോകുന്ന ഡോക്ടർമാർ പഠന കാലാവധിക്കുശേഷം സർവ്വീസിൽ തിരികെ പ്രവേശിക്കാതെയിരിക്കുന്നത് വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) യഥാസമയം സർവ്വീസിൽ തിരിച്ചെത്താത്തതിനാൽ ആരോഗ്യ മേഖലയിലെ ഡോക്ടർമാരുടെ ലഭ്യതക്കുറവ് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ വിലയിരുത്തി യിട്ടുണ്ടോ ; എങ്കിൽ അവയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഉപരിപഠന കാലയളവിനുശേഷം കൃത്യമായി സർവ്വീസിൽ തിരിച്ചെ ത്തുന്നതിന് ആവശ്യമായ നിയമാനുസൃത നടപടികൾക്കായി ശ്രമമുണ്ടാകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഡോക്ടർമാർ ഉപരിപഠന കാലാവധിക്കുശേഷം സർവ്വീസിൽ തിരികെ പ്രവേശിക്കാതെയിരിക്കുന്നത് കാരണം ഉണ്ടാകുന്ന ഡോക്ടർമാരുടെ കുറവ് എൻ.ആർ.എച്ച്.എം. മുഖേനയും അഡ്ഹോക്ക് വ്യവസ്ഥയിലും ഡോക്ടർമാരെ നിയമിച്ചുകൊണ്ട് പരിഹരി ക്കാറുണ്ട്.

(സി) ഉപരിപഠന കാലയളവിനുശേഷം കൃത്യമായി സർവ്വീസിൽ പ്രവേശി ക്കാത്തവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

**വെളിച്ചെണ്ണയിലെ മായം ചേർക്കലിനെതിരെ നടപടി**

**114 (779)** ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പായ്ക്ക് ചെയ്ത് വിൽക്കപ്പെടുന്ന വിവിധ കമ്പനികളുടെ വെളിച്ചെണ്ണയിൽ മായം കലർന്നിട്ടുണ്ട് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം കമ്പനികളുടെ വെളിച്ചെണ്ണയിലാണ് മായം കണ്ടെത്തിയതെന്ന് കമ്പനികളുടെ പേരുൾപ്പെടെ വിശദാംശം ലഭ്യമാക്കുമോ ;